പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 138 12.06.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഒ. ആർ. കേളു<br>" രാജു എബ്രഹാം<br>" സി. കെ. ഹരീന്ദ്രൻ<br>" കെ.കുഞ്ഞിരാമൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനം ഫലപ്രദമാകാൻ തുടങ്ങിയിട്ടുണ്ടോ; ഏപ്രിൽ, മേയ് മാസങ്ങളിലെ പ്രതിമാസ വരുമാനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br><br>മാസം \| ടിക്കറ്റ് വിറ്റ വരുമാനം (രൂപയിൽ) \| ടിക്കറ്റ് ഇതര വരുമാനം (രൂപയിൽ)<br>ഏപ്രിൽ \| 189,84,16,021/- \| 3,14,86,785/-<br>മെയ് \| 200,91,91,565/- \| 3,14,86,785/- |
| (ബി) | സ്ഥാപനത്തെ ലാഭനഷ്ടമില്ലാത്ത സ്ഥിതിയിലേക്ക് എത്തിക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജ് പ്രാവർത്തികമാക്കാൻ ആരംഭിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് തൊഴിലാളികളുടെ വിശ്വാസവും സഹകരണവും ആർജ്ജിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടോ; | (സി) | കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കോർപ്പറേഷനിലെ ജീവനക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലേക്കായി കോർപ്പറേഷനിലെ തൊഴിലാളി സംഘടനാ പ്രതിനിധികളുമായി വിവിധ ഘട്ടങ്ങളിലായി സർക്കാർ തലത്തിലും, കോർപ്പറേഷൻ മാനേജ്മെന്റ് |

| | | | |
|---|---|---|---|
| | | | തലത്തിലും ചർച്ചായോഗങ്ങൾ ചേരുകയും പ്രസ്തുത ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് തൊഴിലാളി സംഘടനകളുടെ അഭിപ്രായങ്ങൾ ആരായുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>ടി യോഗങ്ങളിലെ തീരുമാനങ്ങളുടെയും, നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തൊഴിലാളികളുടെ സഹകരണത്തോടുകൂടി പ്രസ്തുത നിർദ്ദേശങ്ങൾ കോർപ്പറേഷന് കൂടുതൽ ഗുണകരമാകുന്ന തരത്തിൽ നടപ്പിലാക്കിയതിലൂടെ തൊഴിലാളികളുടെ സഹകരണം പരമാവധി ഉറപ്പു വരുത്തുന്നതിനും സാധിച്ചിട്ടുണ്ട്. |
| (ഡി) | ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്ന് കുറഞ്ഞ നിരക്കിൽ ദീർഘകാല വായ്പ വാങ്ങി ഉയർന്ന നിരക്കിലുള്ള പലിശഭാരം കുറയ്ക്കാൻ സ്വീകരിച്ചുവരുന്ന നടപടിയുടെ പുരോഗതി അറിയിക്കാമോ? | (ഡി) | സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റിക്കഴിഞ്ഞു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് ദീർഘകാല വായ്പയായി 9.2% പലിശ നിരക്കിൽ, 20 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ, 3100 കോടി രൂപ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുക കൊണ്ട് നിലവിലുണ്ടായിരുന്ന വായ്പാ കടങ്ങൾ അടച്ചു തീർക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം ചെലവാക്കിയിരുന്ന തുകയിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**